## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 12.06.2018 ൽ മറുപടിക്ക്

ചോദ്യം നമ്പർ : *204

### പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കാരാട്ട് റസാഖ്**<br>**ശ്രീ. റ്റി.വി. രാജേഷ്**<br>**ശ്രീ. കെ. ജെ. മാക്സി**<br>**ശ്രീ. വി. ജോയി.** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ ചെറിയ വിലയ്ക്ക് വിറ്റ് പൊതു മേഖലയിലെ മിച്ച സമ്പാദ്യം ഇല്ലാതാക്കുന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം നടക്കുന്നുണ്ടോ; | (എ) & (ബി) | ഉണ്ട്. നീതി ആയോഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എച്ച്. എൽ .എൽ ലൈഫ് കെയർ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഓഹരി വിൽപന നടത്തുന്നതിനായി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതായിട്ടാണ് ലഭ്യമായ വിവരം.<br>എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡിന്റെ ചെന്നൈയിലുള്ള വാക്സിൻ നിർമ്മാണ യൂണിറ്റും മെഡിപാർക്കും പ്രത്യേക SPV കളാക്കിയതിനുശേഷം കേന്ദ്ര സർക്കാരിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കേന്ദ്ര സർക്കാരിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് & പബ്ലിക് അസ്സെറ്റ് മാനേജ്മെന്റാണ് ഇത് സംബന്ധിച്ച നോഡൽ ഏജൻസി. ഇതിന്റെ ഭാഗമായിട്ടുള്ള തുടർനടപടികൾക്കായി ട്രാൻസാക്ഷൻ അഡ്വൈസറിനേയും ലീഗൽ അഡ്വൈസറിനേയും സുതാര്യമായ നടപടികളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ആസ്തികളുടെ മൂല്യനിർണ്ണയത്തിനായുള്ള |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയാണ് സ്വകാര്യവത്ക്കരിക്കാൻ നീക്കം നടക്കുന്നതെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | കൺസൽട്ടന്റിനെയും തെരഞ്ഞെടുത്തിട്ടുണ്ട്.<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറിയായി കേരളത്തിൽ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനേയും സ്വകാര്യവത്ക്കരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി Expression of Interest ക്ഷണിച്ചുകൊണ്ടുള്ള അവസാന തീയതി 2018 ജൂൺ 30 വരെ നീട്ടിയിട്ടുണ്ടെന്നാണ് ലഭ്യമായ വിവരം.<br>ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റേയും സംസ്ഥാന സർക്കാരിന്റേയും സംയുക്ത സംരംഭമായ കാസർഗോഡുള്ള ബി .എച്ച്. ഇ. എൽ - ഇ. എം .എൽ - ന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നീക്കമാണ് കേന്ദ്രഗവൺമെന്റ് നടത്തുന്നത്. BHEL – EML ൽ സംസ്ഥാന സർക്കാരിന് 49 % ഓഹരിയാണുള്ളത്. 51% ഓഹരികൾ കൂടി സംസ്ഥാന സർക്കാരിന് സ്വീകാര്യമെങ്കിൽ കൈമാറാൻ തയ്യാറാണ് കേന്ദ്രം. RIAB സമർപ്പിച്ച Financial Due Diligence Report കണക്ക് പ്രകാരം കമ്പനിയ്ക്ക് Net Worth (-) 13.24 രൂപയാണ്. ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിബന്ധനകളും, വ്യവസ്ഥകളും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപ്പെക്സ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാം എന്ന് 15.05.2018 ൽ സർക്കാർ വിളിച്ച യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് പ്രവർത്തന മൂലധനമായി KMML ൽ നിന്നും 5 കോടി രൂപ ഇന്റർ കോർപ്പറേറ്റ് ലോൺ അനുവദിക്കുകയും ചെയ്തിരുന്നു.<br>ബി ഇ എം എൽ , എച്ച് ഒ സി എന്നീ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കുന്നതിനായുള്ള തീരുമാനങ്ങളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ലെന്നാണ് ലഭിക്കുന്ന വിവരം. |

| | | | |
|---|---|---|---|
| (സി) | കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്നതും ആരോഗ്യ സേവന മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നതും രൂപീകരണ കാലം മുതൽ ഇതുവരെ മികച്ച ലാഭം സൃഷ്ടിക്കുന്നതുമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവത്ക്കരിക്കാനുള്ള നീക്കത്തിന്റെ ഭാഗമായി കരാർ തൊഴിലാളികളെ പിരിച്ച് വിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥാപനം പൊതു മേഖലയിൽ തന്നെ നിലനിർത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഉണ്ട്. D.O No. 33718/CM dated. 20.02.2018 പ്രകാരം ബഹു. മുഖ്യമന്ത്രി കേന്ദ്ര ഘന വ്യവസായ വകുപ്പ് മന്ത്രിക്ക് സ്ഥാപനം പൊതു മേഖലയിൽ തന്നെ നിലനിർത്താൻ ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിരുന്നു. എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ് ന്റെ 100% ഓഹരി രണ്ട് ഘട്ടങ്ങളിലായി വിറ്റഴിക്കാനും സബ്സിഡറി യൂണിറ്റുകളായ വാക്സിൻ വെഞ്ചേഴ്സും, മെഡി പാർക്കും എന്നിവ രണ്ട് വ്യത്യസ്ത സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആക്കാനും 01.11.2017 ലെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്രമന്ത്രിസഭായോഗം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എച്ച്. എൽ. എൽ സ്വകാര്യവത്ക്കരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ നിന്നും കരാർ തൊഴിലാളികളെ പിരിച്ചുവിട്ടിട്ടില്ലെന്നാണ് കമ്പനിയിൽ നിന്നും ലഭ്യമായ വിവരം. |
| (ഡി) | എച്ച്.എൽ.എൽ. സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന്റെ സാദ്ധ്യത സംബന്ധിച്ച് പരിശോധിച്ചിരുന്നോ; | | |
| (ഇ) | ബി.ഇ.എം.എൽ., എച്ച്.ഒ.സി., ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവ സ്വകാര്യവത്ക്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ഇ) | ബി ഇ എം എൽ , എച്ച് ഒ സി എന്നീ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കുന്നതിനായുള്ള തീരുമാനങ്ങളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് ഘന - വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ട് പോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് കേരള നിയമസഭ 2017 മാർച്ച് 13-ാം തിയതി ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയും ആയത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. എന്നാൽ HNL നെ വിറ്റഴിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിന്റെ ഭാഗമായി Expression of Interest (EoL) ക്ഷണിച്ചിരിക്കുകയും പ്രസ്തുത പൊതുലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ? | (എഫ്) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കും കൂടുതൽ വൈദഗ്ധ്യമുള്ള മേഖലകളിലെ കൂടുതൽ തൊഴിൽ ലഭ്യതയുടെ വർദ്ധനവിനും വിലങ്ങുതടിയാകും. കൂടാതെ സംസ്ഥാനത്തിന്റെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടുപോകുന്നതിനും ഇടയാകും.<br><br>ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംബന്ധിച്ച നടപടികളിൽ നിന്ന് പിന്മാറുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.<br><br>കൂടാതെ സംസ്ഥാന സർക്കാരിന്റെ പരിമിതമായ സാമ്പത്തിക സ്ഥിതിയിൽ നിന്ന് ഇവ ഏറ്റെടുക്കാൻ കഴിയുമോ എന്ന കാര്യവും പരിശോധിച്ചു വരുന്നു. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് 01.06.2018 മുതൽ ഏറ്റെടുക്കാൻ തീരുമാനം ആയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളും സർക്കാർ ആവിഷ്കരിച്ചുവരുന്നു. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെയും, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

**സെക്ഷൻ ഓഫീസർ**